21
2025
മാർച്ച്
വെള്ളി
മീനം 7

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.103 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-103 പേജ് 4. വില 2.00 രൂപ




02 കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഉചിതമായ സമയം
03 ബഹിരാകാശ ജീവിതത്തിന്റെ അറിയാക്കഥകൾ
04 വഖഫ് നിയമത്തിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യണം: കെഎൽസിഎ

# മത്സ്യത്തൊഴിലാളികൾക്കായി 15 കോടിയുടെ പദ്ധതി നടപ്പാക്കും



ആഴക്കടൽ മത്സ്യബന്ധനം സുരക്ഷിതമാക്കുന്നതിനായി പരന്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 15 കോടിയുടെ പദ്ധതി നടപ്പാക്കുന്നതായി മന്ത്രി സജി ചെറിയാൻ. യൂണിറ്റിന് 1.50 കോടി രൂപ വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കു നൽകുന്നതാണു പദ്ധതി. കൊച്ചിൻ ഷിപ്പ് യാർഡിന്റെ ഉടുപ്പിയിലുള്ള മാൽപെ കപ്പൽ നിർമാണശാലയിൽ നിർമാണം പൂർത്തിയാക്കിയ ആറു ബോട്ടുകൾ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്കു വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള നാലെണ്ണംകൂടി ഉടൻ വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

നാലു വർഷമായി സർക്കാരിന്റെ ശരാശരി വാർഷിക പൊതുചെലവ് 1.65 ലക്ഷം കോടി രൂപയാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 1.15 ലക്ഷം കോടി രൂപയായിരുന്നു. അതിന് മുന്പ് യുഡിഎഫ് സർക്കാരിന്റെ അഞ്ചു വർഷക്കാലം ഇത് 68,000 കോടി രൂപയായിരുന്നു. വരുമാനവും ചെലവും ഉയർത്തി സംസ്ഥാനത്തിന്റെ എല്ലാ മേഖലയ്ക്കും മതിയായ പരിഗണന ലഭ്യമാക്കുന്ന ധനമാനേജ്മെൻറാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും മന്ത്രി ചൂണ്ടിക്കാട്ടി. ചർച്ചയ്ക്കു ശേഷം ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സംസ്ഥാനത്തെ നദികളിൽനിന്നു ജലസേചന വകുപ്പ് മണൽ ഖനനം ചെയ്യുന്നില്ലെന്ന് മന്ത്രി റോഷി അഗസ്റ്റിൻ നിയമസഭയിൽ പറഞ്ഞു. നദികളിലെ എക്കലും ചെളിയും നീക്കുകയാണ് ഇറിഗേഷൻ വകുപ്പു ചെയ്യുന്നത്. നദികളുടെ അടിത്തട്ടിൽനിന്നു മൂന്നു കോടി ഘനമീറ്റർ എക്കൽ നീക്കാനാണു ലക്ഷ്യമിട്ടിരിക്കുന്നത്. ഒരുകോടി ഘനമീറ്റർ ഇതുവരെ മാറ്റി. ഇങ്ങനെ മാറ്റിയ എക്കൽ കരയിൽനിന്നു നീക്കാനാകാത്ത പ്രതിസന്ധിയുമുണ്ട്.

ഡാമുകൾക്കു സമീപത്തു നിർമാണ പ്രവർത്തനങ്ങൾക്കു നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞവർഷം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ആവശ്യമെങ്കിൽ പരിഷ്കരിക്കും. ജനജീവിതത്തെ ബാധിക്കാതെയും നിലവിലുള്ള നിർമാണത്തിനു തടസം വരാതെയും കുടിവെള്ള പ്രശ്നം ഉണ്ടാകാതെയും നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

തദ്ദേശസ്ഥാപന വിഹിതം ഉൾപ്പെടെയുള്ള സംസ്ഥാന പദ്ധതി ചെലവ് 79 ശതമാനമായതായി ധനമന്ത്രി കെ. എൻ. ബാലഗോപാൽ. ധനകാര്യ ബില്ലിന്റെ ചർച്ചയ്ക്കു മറുപടി പറയുകയായിരുന്നു മന്ത്രി. ആകെയുള്ള 30, 370 കോടി രൂപയിൽ ഇതിനകം 24,006 കോടി രൂപ ട്രഷറിയിൽനിന്നു ചെലവായിട്ടുണ്ട്.

തദ്ദേശസ്ഥാപനങ്ങളുടെ ചെലവുകൾ ഒഴിവാക്കിയുള്ള സംസ്ഥാന പദ്ധതി ചെലവ് 73 ശതമാനം കഴിഞ്ഞു. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 94.5 ശതമാനം ഇപ്പോൾതന്നെ ട്രഷറിയിൽനിന്നു ചെലവഴിച്ചു. അതായത് 8,532 കോടി തദ്ദേശ സ്ഥാപനങ്ങൾക്ക് വകയിരുത്തിയതിൽ 8,061 കോടി രൂപ ഇതിനകം ചെലവായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവിൽ മാത്രമാണ് അൽപം കുറവുള്ളത്. 8,516 കോടി രൂപ വകയിരുത്തിയതിൽ 3,317 കോടി രൂപയാണ് ചെലവുള്ളത്. കേന്ദ്ര പദ്ധതികളുടെ കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കാത്തതാണ് പദ്ധതി നിർവഹണത്തിന് തടസമാകുന്നത്. ഈ വർഷം പദ്ധതി നിർവഹണം ലക്ഷ്യത്തിലേക്കെത്തുമെന്നും മന്ത്രി പറഞ്ഞു.

## തീരദേശ റോഡ് ഉപരോധിച്ച് മത്സ്യത്തൊഴിലാളികൾ

തിരുവനന്തപുരം: അഞ്ചുതെങ്ങ് മുതലപ്പൊഴിയിൽ മത്സ്യത്തൊഴിലാളികൾ റോഡ് ഉപരോധിച്ചു. മുതലപ്പൊഴി അഴിമുഖത്തെ മണൽനീക്കം ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഇന്ന് രാവിലെയാണ് റോഡ് ഉപരോധം തുടങ്ങിയത്.

അഞ്ചുതെങ്ങ്- പെരുമാതുറ റോഡാണ് ഉപരോധിച്ചത്. ഇതേ തുടർന്ന് വാഹനയാത്രക്കാർ റോഡിൽ കുടുങ്ങി. ജില്ലാ കളക്ടർ സ്ഥലത്തെത്തി ചർച്ച നടത്തി വ്യക്തമായ ഉറപ്പ് നൽകിയാൽ മാത്രമേ ഉപരോധം അവസാനിപ്പിക്കുകയുള്ളുവെന്നാണ് മത്സ്യത്തൊഴിലാളികൾ വ്യക്തമാക്കുന്നത്.

മുതലപ്പൊഴിയിലെ അഴി മുഖത്തെ മണ്ണ് നീക്കം ചെയ്യുമെന്ന് നിരവധി തവണ അധികൃതർ ഉറപ്പ് നൽകിയെങ്കിലും പാതിവഴിയിൽ ഉപേക്ഷിച്ചിരുന്നു. ഇതേ തുടർന്ന് നിരവധി മത്സ്യത്തൊഴിലാളികൾ അഴിമുഖത്ത് അപകടത്തിൽപ്പെട്ട് മരണമടഞ്ഞിരുന്നു.



## ജെഡ് സർവീസിലെ മൂന്നാമത്തെ കപ്പൽ അമേലിയ വിഴിഞ്ഞത്ത്

വിഴിഞ്ഞം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ എംഎസ്സിഷിപ്പിംഗ് ആരംഭിച്ച ഏഷ്യ-യൂറോപ്പ് കപ്പൽ സർവീസ് നെറ്റ് വർക്കായ ജെഡ് സർവീസിലെ മൂന്നാമത്തെ കപ്പൽ അമേലിയ തുറമുഖത്തടുത്തു. സിംഗപ്പൂരിൽ നിന്ന് പോർച്ചുഗലിലേക്കുള്ള യാത്രാമധ്യേ നിറയെ കണ്ടെയ്നറുകളുമായി ഇന്നലെ വൈകു ന്നേരം കപ്പൽ വാർഫിൽ നങ്കുരമിട്ടു.

400 മീറ്റർ നീളവും 61 മീറ്റർ വീതിയും 14.6 മീറ്റർ ആഴവുമുള്ള ലൈബീരിയൻ രജിസ്ട്രേഷൻ അമേലിയ ദൗത്യം പൂർത്തിയാക്കി ഇന്നോടെ മടങ്ങുമെന്നറിയുന്നു. ഇക്കഴിഞ്ഞ എട്ടിനായിരുന്നു സർവീസിനു തുടക്കം കുറിച്ച് എംഎസ്സി മിയ എത്തിയത്.

തൊട്ടുപിന്നാലെ മിർജാമും വന്നു മടങ്ങി. സ്ഥിരം വരുന്ന മറ്റു ചരക്ക് കപ്പലുകൾക്കുപരി ആഴ്ചയിൽ ഒരെണ്ണം എന്ന കണക്കെയാണ് ജെഡ് സർവീസ്.

## ഗുഡ്സ് ഓട്ടോ ഡ്രൈവറെ വെടിവച്ചു കൊന്നു

പിലാത്തറ: നിർമാണത്തിലിരിക്കുന്ന വീട്ടിൽവച്ച് ഉടമയായ ഗുഡ്സ് ഓട്ടോഡ്രൈവറെ വെടിവച്ചുകൊന്നു. മാതമംഗലം കുനിയങ്ങോട്ടെ രാധാകൃഷ്ണൻ (49) ആണ് കൊല്ലപ്പെട്ടത്. പ്രതിയെന്നു കരുതുന്ന പെരുമ്പടവ് സ്വദേശി സന്തോഷ് പൊലീസിന്റെ കസ്റ്റഡിയിലുണ്ട്.

കൈതപ്രം വായനശാലയ്ക്ക് സമീപം നിർമിക്കുന്ന വീട്ടിൽ വ്യാഴാഴ്ച വൈകിട്ട് ഏഴരയോടെയാണ് സംഭവം. ശബ്ദം കേട്ട് ഓടിയെത്തിയ നാട്ടുകാരാണ് വീടിനുള്ളിൽ വെടിയേറ്റ രാധാകൃഷ്ണനെ കണ്ടത്. ഉടൻ കണ്ണൂർ ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. നെഞ്ചിലാണ് വെടിയേറ്റത്. പോസ്റ്റുമോർട്ടം കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ വെള്ളിയാഴ്ച നടക്കും. മദ്യലഹരിയിലായിരുന്ന സന്തോഷിനെ വീടിനുള്ളിൽനിന്നാണ് പരിയാരം പൊലീസ് പിടികൂടിയത്. കൊലപാതകത്തിനുപയോഗിച്ച തോക്ക് കണ്ടെത്തിയില്ല. തന്റെ ഭാര്യയെ സന്തോഷ് ശല്യംചെയ്യുന്നുവെന്നു പറഞ്ഞ് രാധാകൃഷ്ണൻ മാസങ്ങൾക്കുമുമ്പ് പൊലീസിൽ പരാതി നൽകിയിരുന്നു.

## ജീവനോപാധി നഷ്ടപരിഹാര വിതരണം 21ന്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപരിഹാര വിതരണം മാർച്ച് 21ന് രാവിലെ 8.30ന് വിഴിഞ്ഞം ടൗൺ സിം ഓഡിറ്റോറിയത്തിൽ നടക്കും.

മന്ത്രി സജി ചെറിയാൻ, മന്ത്രി വി എൻ വാസവൻ, ശശി തരൂർ എം.പി, എം വിൻസെന്റ് എം. എൽ. എ, വി.ഐ.എസ്.എൽ ഡയറക്ടർ ദിവ്യ എസ് അയ്യർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

## ജെ. പി. നദ്ദയെ കാണാൻ അനുമതി ലഭിക്കാതെ വീണാ ജോർജ്

ന്യൂഡൽഹി: കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി. നദ്ദയെ കാണാൻ അനുമതി ലഭിക്കാതെ വീണാ ജോർജ്. ആശാപ്രവർത്തകരുടെ നിരാഹാര സമരത്തിനിടെയാണ് വീണ ജോർജ് ഇന്ന് ഡൽഹിയിലെത്തിയത്.

ബുധനാഴ്ച നടത്തിയ ചർച്ച പരാജയപ്പെട്ട സാഹചര്യത്തിൽ കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി. നദ്ദയോട് വിഷയം ഉന്നയിക്കുമെന്നായിരുന്നു മന്ത്രി പറഞ്ഞത്. ബുധനാഴ്ച മാത്രമാണ് ഇന്നത്തെ കൂടിക്കാഴ്ചയ്ക്ക് മന്ത്രി സമയം തേടിയത്. പാർലമെൻറ് സമ്മേളനവും നടക്കുന്നതിനാൽ കൂടിക്കാഴ്ചയ്ക്ക് ഇതുവരെ അനുമതിയും ലഭിച്ചിട്ടില്ല.

കേന്ദ്ര ആരോഗ്യമന്ത്രിയെ കാണാനായില്ലെങ്കിൽ നിവേദനം നൽകുമെന്നും സമരത്തിൽ സംസ്ഥാന സർക്കാർ ചെയ്യാവുന്നതെല്ലാം ചെയ്തെന്നുമായിരുന്നു രാവിലെ വീണാ ജോർജ് ഡൽഹിയിൽ പ്രതികരിച്ചത്.

അതേസമയം ക്യൂബൻ ഉപപ്രധാനമന്ത്രിയെയും സംഘത്തെയും കാണലാണ് വീണാ ജോർജ് ഡൽഹിയിൽ മുൻകൂട്ടി നിശ്ചയിച്ച പരിപാടി. ഈ പരിപാടിയിൽ പങ്കെടുക്കുമെന്നും മന്ത്രി അറിയിച്ചിരുന്നു.

## ആശമാരുടെ നിരാഹാര സമരം ആരംഭിച്ചു; പിന്തുണയുമായി വിവിധ രാഷ്ട്രീയ നേതാക്കൾ



തിരുവനന്തപുരം : സെക്രട്ടേറിയറ്റിനു മുന്നിൽ ആശാ വർക്കർമാരുടെ പട്ടിണി സമരം ആരംഭിച്ചു. ഫെബ്രുവരി 10ന് തുടങ്ങിയ സമരം നാൽപതു ദിവസത്തോട് അടുക്കുമ്പോഴാണ് മൂന്നാം ഘട്ടമായ നിരാഹാരസമരത്തിലേക്കു കടക്കുന്നത്. ഇന്നലെ എൻഎച്ച്എം ഡയറക്ടറുമായും മന്ത്രി വീണാ ജോർജുമായും നടത്തിയ ചർച്ചകൾ ഫലം കാണാതെ വന്നതോടെയാണ് സമരം ശക്തമാക്കാൻ തീരുമാനമായത്. ഇന്നു രാവിലെ എം.എ.ബിന്ദു, കെ.പി.തങ്കമണി, ആർ.ഷീജ എന്നിവരാണ് നിരാഹാരസമരം ആരംഭിച്ചത്. ഡോ. കെ.ജി. താര നിരാഹാര സമരം ഉദ്ഘാടനം ചെയ്തു. വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ പിന്തുണയുമായി സമരപ്പന്തലിൽ എത്തിയിരുന്നു. ഇന്നലെ നടന്ന ചർച്ചകൾ പ്രഹസനമായിരുന്നെന്ന് ആശമാർ പറഞ്ഞു.

സമരത്തിന്റെ 38 ാം ദിവസമായ ഇന്നലെ രാവിലെ പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ മുഖ്യമന്ത്രി പിണറായി വിജയനെ കണ്ടു സംസാരിച്ചിരുന്നു. ദേശീയ ഹെൽത്ത് മിഷന്റെ (എൻഎച്ച്എം) സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ.വിനയ് ഗോയലാണ് ആദ്യം ആശാ വർക്കർമാരെ ചർച്ചയ്ക്ക് വിളിച്ചത്. ഓണറേറിയം 21,000 രൂപയാക്കണമെന്നും വിരമിക്കൽ ആനുകൂല്യമായി 5 ലക്ഷം രൂപ അനുവദിക്കണമെന്നും ആശമാരുടെ പ്രതിനിധികൾ ആവശ്യപ്പെട്ടെങ്കിലും സർക്കാരിന്റെ സാമ്പത്തിക ഞെരുക്കം ആശമാർ ഉൾക്കൊള്ളണമെന്നാണ് ഡോ.വിനയ് ഗോയൽ മറുപടി നൽകിയത്. ഒരു മണിക്കൂറിലേറെ നീണ്ട ചർച്ച ധാരണ പോലുമാകാതെ പിരിയുകയായിരുന്നു.



## അഭിമുഖം

ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വകൾച്ചർ കേരളയുടെ (അഉഅഗ) ഓടയം ഹാച്ചറിയിലേക്ക് ജനറേറ്റർ, വാട്ടർപമ്പ്, എയറേറ്റർ മുതലായ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതുൾപ്പെടെയുള്ള ജോലികൾ ചെയ്യുന്നതിനായി സ്കിൽഡ് ലേബറിനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മാർച്ച് 25 ന് അഭിമുഖം നടത്തും.

ഐ.ടി.ഐ ഇലക്ട്രിക്കൽ ട്രേഡിൽ സർട്ടിഫിക്കറ്റ് ഉള്ളവർക്ക് പങ്കെടുക്കാം. പ്ലംബിങ് ജോലികളിലുള്ള പരിചയം അഭികാമ്യം. യോഗ്യതയുള്ള ഉദ്യോഗാർഥികൾ അഡാക്കിന്റെ വർക്കല ഓടയം ഹാച്ചറിയിൽ വച്ച് രാവിലെ 10.30 ന് നടക്കുന്ന അഭിമുഖത്തിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക്: 9037764919, 9544858778.

## സപ്ലിമെന്ററി പരീക്ഷ ഏപ്രിലിൽ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ 2015 റിവിഷൻ പ്രകാരം 2015, 2016, 2017 അക്കാഡമിക് വർഷങ്ങളിൽ പ്രവേശനം നേടി രജിസ്ട്രേഷൻ കാലാവധി അവസാനിച്ച ഡിപ്ലോമ വിദ്യാർഥികൾക്ക് സപ്ലിമെന്ററി വിഷയങ്ങൾ ഏപ്രിൽ പരീക്ഷയിൽ എഴുതാം. വിശദവിവരങ്ങൾക്ക്: www.sbte.kerala.gov.in.

## അവസരം

കേരള സോഷ്യൽ ആഡിറ്റ് സൊസൈറ്റിയിൽ ഒരു സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷലിസ്റ്റിന്റെയും, മൂന്നു സോഷ്യൽ ആഡിറ്റ് എക്സ്പെർട്ട് / സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ ഒഴിവുണ്ട്. വിശദവിവരങ്ങൾക്കും അപേക്ഷിക്കുന്നതിനും www.oscialaudit.kerala.gov.in സന്ദർശിക്കുക.

## ജില്ലാ ശുചിത്വമിഷനിൽ ഡെപ്യൂട്ടേഷൻ നിയമനം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ശുചിത്വമിഷനുകളിൽ അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്റർ തസ്തികകളിലേക്ക് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി നോക്കി വരുന്നവരും ശുചിത്വ മിഷൻ പ്രവർത്തനങ്ങളിൽ താൽപര്യമുള്ളവരുമായ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ വയനാട് ജില്ലയിൽ നിലവിലുള്ള ഒരു ഒഴിവിലേക്കും അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്റർ (സോളിഡ് വേസ്റ്റ് മാനേജ്മെന്റ്) തസ്തികയിൽ തിരുവനന്തപുരം, കോട്ടയം, കണ്ണൂർ ജില്ലകളിൽ നിലവിലുള്ള ഓരോ ഒഴിവിലേക്കുമാണ് അപേക്ഷ ക്ഷണിച്ചത്. താൽപര്യമുള്ള അപേക്ഷകർ കെ.എസ്.ആർ പാർട്ട് (1) റൂൾ 144 പ്രകാരമുള്ള അപേക്ഷ, നിലവിലെ വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രം സഹിതം ഏപ്രിൽ 5 നു മുൻപായി എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന ശുചിത്വമിഷൻ, റവന്യൂ കോംപ്ലക്സ്, നാലാം നില, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം 695033 വിലാസത്തിൽ ലഭ്യമാകും വിധം നേരിട്ടോ തപാലിലോ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് : www.suchitwamission.org,

ഇമെയിൽ : sanitation.sm@kerala.gov.in, www.sanitation.kerala.gov.in, sanitationkerala@gmail.com, ഫോൺ : 0471 2316730, 2319831, 2312730.

## അവധിക്കാല കോഴ്സുകളിലേക്ക് അപേക്ഷിക്കാം

നെടുമങ്ങാട് ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ഏപ്രിൽ 10 ന് ആരംഭിക്കുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഇലക്ട്രോണിക്സ് ഹോബിസർക്യൂട്സ്, ആരി വർക്സ്, ഹാൻഡ് എംബ്രോയിഡറി, ഫാബ്രിക്ക് പെയിന്റിംഗ് അവധിക്കാല കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഹ്രസ്വകാല കോഴ്സുകളായ ഇലക്ട്രിക്കൽ വയറിംഗ്, പ്ലംബിംഗ്, അലൂമിനിയം ഫാബ്രിക്കേഷൻ, ഡി.സി.എ, ടാലി, എംഎസ് ഓഫീസ്, ഡി.റ്റി.പി, ഡാറ്റാ എൻട്രി, ഫാഷൻ ഡിസൈനിംഗ്, ബ്യൂട്ടീഷ്യൻ, മൊബൈൽ ഫോൺ ടെക്നീഷ്യൻ, കമ്പ്യൂട്ടർ ഹാർഡ്‌വെയർ കോഴ്സുകളിലേക്കും അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് 7559955644.

## ആംബുലൻസിന്റെ വഴിമുടക്കി സ്കൂട്ടർ ഓടിച്ചു; യുവതിയുടെ ലൈസൻസ് സസ്പെൻഡ് ചെയ്തു

കൊച്ചി: ആംബുലൻസിന്റെ വഴിമുടക്കി സ്കൂട്ടർ ഓടിച്ച യുവതിക്കെതിരെ നടപടിയുമായി മോട്ടോർ വാഹന വകുപ്പ്. യുവതിയുടെ ലൈസൻസ് ആറു മാസത്തേക്ക് സസ്പെൻഡ് ചെയ്തതായും 5000 രൂപ പിഴ ഈടാക്കിയതായും മോട്ടോർ വാഹന വകുപ്പ് അറിയിച്ചു.

കലൂർ മെട്രോ സ്റ്റേഷന് സമീപം ശനിയാഴ്ചയായിരുന്നു സംഭവം. ആലുവയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ നിന്ന് കൈ അറ്റുപോയ രോഗിയുമായി കൊച്ചിയിലെ ആശുപത്രിയിലേക്ക് പോയതായിരുന്നു ആംബുലൻസ്. ഇതിനിടെ തൊട്ടുമുന്നിൽ സ്കൂട്ടറിലുണ്ടായിരുന്ന യുവതി മാർഗതടസം സൃഷ്ടിച്ചു എന്നാണ് കേസ്.

സംഭവത്തിന്റെ ദൃശ്യങ്ങൾ അടക്കം പുറത്തുവന്നിരുന്നു. മഹാരാഷ്ട്ര രജിസ്ട്രേഷനിലുള്ള വാഹനമാണ് യുവതി ഓടിച്ചിരുന്നത്. സ്കൂട്ടറിന്റെ രജിസ്ട്രേഷൻ നമ്പർ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ യുവതിയെ തിരിച്ചറിഞ്ഞത്.

കഴിഞ്ഞ ദിവസം യുവതിയെ മോട്ടോർ വാഹന വകുപ്പ് അധികൃതർ വിളിച്ച് വരുത്തിയിരുന്നു. ഇതിന് പിന്നാലെയാണ് ലൈസൻസ് സസ്പെൻഡ് ചെയ്തതും പിഴ ഈടാക്കിയതും. സാമൂഹ്യ സേവനം ചെയ്യാനുള്ള നിർദേശം യുവതിക്ക് നൽകുമെന്നും എംവിഡി ഉദ്യോഗസ്ഥർ പറഞ്ഞു.

# വയോജന കമ്മീഷൻ പുതിയ യുഗത്തിന്റെ തുടക്കമാകും : മന്ത്രി ഡോ. ആർ ബിന്ദു

സംസ്ഥാന നിയമസഭ പാസാക്കിയ കേരള വയോജന കമ്മീഷൻ ബിൽ പുതിയ യുഗത്തിന്റെ തുടക്കമാകുമെന്ന് ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു വാർത്താസമ്മേളനത്തിൽ പറഞ്ഞു. രാജ്യത്താദ്യമായിട്ടാണ് ഒരു സംസ്ഥാനത്ത് വയോജനങ്ങൾക്കായി കമ്മീഷൻ നടപ്പിലാക്കുന്നത്. കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തെ ഗണ്യമായി സ്വാധീനിക്കുന്ന ഒന്നായി കമ്മീഷൻ മാറും. അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോടെയാണ് കമ്മീഷൻ രൂപീകരിക്കപ്പെടുന്നത്. വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും വയോജനങ്ങളുടെ പുനരധിവാസത്തിനുള്ള സഹായങ്ങൾ ലഭ്യമാക്കുന്നതിനും കമ്മീഷൻ പ്രവർത്തിക്കുമെന്ന് മന്ത്രി പറഞ്ഞു.

വയോജന സംരക്ഷണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ മുന്നോട്ടുവച്ച ആശയം യാഥാർത്ഥ്യമായിരിക്കുകയാണ്. വയോജനങ്ങളുടെ സേവനങ്ങളും കഴിവുകളും പൊതുസമൂഹത്തിന് പ്രയോജനകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അവഗണനയും ചൂഷണവും അനാഥത്വവും അടക്കമുള്ള വയോജനതയുടെ ജീവിത പ്രയാസങ്ങൾ സംബന്ധിച്ച് വർധിച്ചുവരുന്ന ആശങ്കകൾ കമ്മീഷൻ അഭിസംബോധന ചെയ്യും. വയോജന ക്ഷേമത്തിലും സംരക്ഷണത്തിലും ഇന്ത്യയിൽ മുന്നിൽ നിൽക്കുന്ന കേരളത്തെ കൂടുതൽ വയോജന സൗഹൃദപരമാക്കാനുള്ള തീരുമാനമാണ് നിയമമായിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന വയോജന കമ്മീഷനിൽ ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ചെയർപേഴ്സണും നാലിൽ കവിയാത്ത എണ്ണം അംഗങ്ങളുമുണ്ടാവും. ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിൽ നിയമിക്കപ്പെടുന്ന എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കും. അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്ര വർഗ്ഗങ്ങളിലോ പെട്ടയാളും മറ്റൊരാൾ വനിതയുമായിരിക്കും. ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി അവർ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്നു വർഷം വരെ ആയിരിക്കും. സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരാവും കമ്മീഷൻ സെക്രട്ടറി. നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ കമ്മീഷൻ രജിസ്ട്രാറായും സർക്കാർ ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാളെ കമ്മീഷൻ ഫിനാൻസ് ഓഫീസറായും നിയമിക്കുമെന്ന് മന്ത്രി അറിയിച്ചു.

# കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഉചിതമായ സമയം: മന്ത്രി പി രാജീവ്

### തിരികെയെത്തിയ പ്രവാസികൾക്കായുള്ള "സംരംഭം" പദ്ധതി ഉദ്ഘാടനംചെയ്തു

കേരളത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഏറ്റവും ഉചിതമായ സമയമാണിതെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് സംരംഭങ്ങളുടെ എണ്ണത്തിൽ അഭൂതപൂർണ്ണമായ വർദ്ധനവാണുണ്ടായത്. ചെറുകിട വ്യവസായങ്ങൾക്ക് നൽകുന്ന ലോണുകളിലും 38% വർധനവുണ്ടായി. കെ-സ്റ്റോർ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ പൊതുവിതരണ വകുപ്പുമായി ധാരണയായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. പൂർണമായും പ്രശ്നരഹിതമായിരിക്കും സംരംഭങ്ങൾ എന്ന ധാരണ വേണ്ട. പക്ഷെ അവയെ മറികടക്കാനുള്ള സഹായം സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകും. വെളിച്ചെണ്ണ, പ്രാദേശിക വിഭവമായ ചക്കയുടെ ഫുഡ് പ്രോസസിംഗ് തുടങ്ങിയ മേഖലകളിൽ പുതിയ സാധ്യതകളുണ്ട്. കേരളത്തിൽ നിരവധി പുതിയ വ്യവസായ പാർക്കുകൾ ആരംഭിക്കുകയാണ്. വിഴിഞ്ഞം തുറമുഖം വലിയ സാധ്യതകൾ തുറന്നിടുന്നുണ്ട്. ഇവയൊക്കെയും സംരംഭകർ പ്രയോജനപ്പെടുത്തണം. അവരവരുടെ പരിചിതമേഖലയ്ക്ക് അനുസരിച്ചായിരിക്കണം സംരംഭങ്ങൾ ആരംഭിക്കേണ്ടത്. എടുത്തുചാടി സംരംഭങ്ങൾ ആരംഭിക്കരുത്, അതിനാവശ്യമായ പഠനങ്ങൾ നടത്താനും തയ്യാറാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരികെ നാട്ടിലെത്തിയവർക്കായി ചെറുകിട/ ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന് പിന്തുണ നൽകുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനുമായി (കെഎസ്ഐഡിസി) സഹകരിച്ച് ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിലെ അസാപ് കേരള നടപ്പിലാക്കുന്ന "സംരംഭം" പദ്ധതി ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയിരുന്നു മന്ത്രി.

കേരളത്തിലെ എട്ട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കെഎസ്ഐഡിസി മാനേജിങ് ഡയറക്ടർ എസ്. ഹരികിഷോർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഹരികൃഷ്ണൻ ആർ എന്നിവർ സംസാരിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് സംരംഭം പദ്ധതിയിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയ പ്രവാസികൾ, സ്റ്റേക്ക് ഹോൾഡർമാർ, നോർക്ക ഭാരവാഹികൾ കൂടാതെ പ്രവാസി ഫോറം പ്രതിനിധികൾ എന്നിവർ പങ്കെടുത്ത പാനൽ ചർച്ചയും വിദഗ്ധരുമായുള്ള ഇന്ററാക്ടിവ് സെഷനും സംഘടിപ്പിച്ചു.

# 26,27,28 തീയതികളിൽ ജലവിതരണം മുടങ്ങും

തിരുവനന്തപുരം: 26,27,28 തീയതികളിൽ നഗരത്തിൽ ജലവിതരണം മുടങ്ങും. അറ്റകുറ്റപ്പണികളെ തുടർന്ന് അരുവിക്കരയിലെ 74 എംഎൽഡി ജലശുദ്ധീകരണശാല പൂർണമായും പ്രവർത്തനം നിർത്തിവയ്ക്കുന്നതിനെതുടർന്നാണ് ജലവിതരണം മുടങ്ങുന്നത്.

കാഞ്ഞിരംപാറ, പാങ്ങോട്, വട്ടിയൂർക്കാവ്, നെട്ടയം, കാച്ചാണി, കൊടുങ്ങാനൂർ, തിരുമല, വലിയവിള, പിടിപി, വാഴോട്ടുകോണം, പുന്നയ്ക്കാമുകൾ, തൃക്കണ്ണാപുരം, പൂജപ്പുര, ആറന്നൂർ, കരമന, മുടവൻമുകൾ, നെടുംകാട്, കാലടി, പാപ്പനംകോട്, പൊന്നുമംഗലം, മേലാംകോട്, നേമം, എസ്റ്റേറ്റ്, പുത്തൻപള്ളി, വലിയതുറ, പൂന്തുറ, ബീമാപള്ളി, ബീമാപള്ളി ഈസ്റ്റ്,

മാണിക്യവിളാകം, മുട്ടത്തറ, പുഞ്ചക്കരി, ആറന്നൂർ, തുരുത്തുംമൂല, അമ്പലത്തറ, എന്നീ കോർപറേഷൻ വാർഡുകളിലും കല്ലിയൂർ പഞ്ചായത്തിലെ വെള്ളായണി, തെന്നൂർ, അപ്പുക്കുട്ടൻ നായർ റോഡ്, ശാന്തിവിള, സർവോദയം, പള്ളിച്ചൽ പഞ്ചായത്തിലെ പ്രസാദ് നഗർ എന്നീ സ്ഥലങ്ങളിലും പൂർണമായും പാളയം, വഞ്ചിയൂർ, കുന്നുകുഴി, പട്ടം, വഴുതക്കാട്, തമ്പാനൂർ, കുറവൻകോണം, പേരൂർക്കട, നന്തൻകോട്, ആറ്റുകാൽ, ശ്രീവരാഹം, മണക്കാട്, കുര്യാത്തി വള്ളക്കടവ്, കളിപ്പാൻകുളം, പുഞ്ചക്കരി,വെള്ളാർ, ശാസ്തമംഗലം, കവടിയാർ, കമലേശ്വരം, തിരുവല്ലം, പൂങ്കുളം എന്നീ വാർഡുകളിൽ ഭാഗികമായും ഈ മാസം 26 രാവിലെ എട്ടു മുതൽ 28 രാവിലെ എട്ടുവരെ കുടിവെള്ള വിതരണം ഉണ്ടായിരിക്കുന്നതല്ലെന്നു വാട്ടർ അഥോറിറ്റി അറിയിച്ചു. വാട്ടർ അഥോ റിറ്റിയുടെ അരുവിക്കരയിൽ നിന്നും ഐരാണിമുട്ടത്തേക്കു പോകുന്ന ട്രാൻസ്മിഷൻ മെയിനിലെ പിടിപി വെൻഡിംഗ് പോയിൻറിനു സമീപമുള്ള കേടായ ബട്ടർഫ്ളൈ വാൽവ് മാറ്റി സ്ളൂയിസ് വാൽവ് ഘടിപ്പിക്കുന്ന പ്രവൃത്തി, പിടിപി നഗറിൽ നിന്നും നേമം വട്ടിയൂർക്കാവ് സോണിലേക്കുള്ള ജലലഭ്യത സുഗമമാക്കുന്നതിന്റെ ഭാഗമായി ഫ്ളോമീറ്ററും വാൽവും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി, തിരുവനന്തപുരം നാഗർകോവിൽ റെയിൽവേ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കരമന ശാസ്ത്രി നഗർ അണ്ടർപാസിന് അടുത്തുള്ള ട്രാൻസ്മിഷൻ മെയിനിന്റെ അലൈൻമെൻറ് മാറ്റിയിടുന്ന പ്രവൃത്തി എന്നിവയുമായി ബന്ധപ്പെട്ടാണ് അരുവിക്കരയിലെ 74 എംഎൽഡി ജലശുദ്ധീകരണശാല പൂർണമായും അടയ്ക്കുന്നത്. ഉപഭോക്താക്കൾ വേണ്ട മുൻകരുതലുകൾ എടുക്കേണ്ടതാണെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് കേന്ദ്രീകൃത ടോൾ ഫ്രീ നമ്പരായ 1916ൽ ബന്ധപ്പെടാവുന്നതാണ്.



മാലിന്യമുക്തം നവകേരളം, കെ-സ്മാർട്ട് പദ്ധതികളുമായി ബന്ധപ്പെട്ട് എം.എൽ.എ മാർക്ക് വേണ്ടി നിയമസഭ ശങ്കരനാരായണൻ തമ്പി ഹാളിൽ സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രാമിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ് സംസാരിക്കുന്നു

## കിക്മ എം.ബി.എ അഭിമുഖം

സഹകരണ വകുപ്പിനു കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. (ഫുൾടൈം) 2025-27 ബാച്ചിലേക്ക് അഡ്മിഷൻ മാർച്ച് 22ന് രാവിലെ 10 മുതൽ കിക്മ കോളേജ് ക്യാമ്പസിൽ നടക്കും.കേരള സർവകലാശാലയുടെയും, എ.ഐ.സി.റ്റി.യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ലോജിസ്റ്റിക്സ്, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്കും, ഫിഷറീസ് സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾക്കും പ്രത്യേക സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭ്യമാണ്.50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത, കെ-മാറ്റ്/ സി-മാറ്റ്/ക്യാറ്റ് (ഗങഅഠ/ഇങഅഠ/ഇഅഠ) പ്രവേശന പരീക്ഷകൾക്ക് തയ്യാർ എടുക്കുന്നവർക്കും ഈ അഡ്മിഷനിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 8547618290/ 9447002106 എന്നീ നമ്പരുകളിലും, www.kicma.ac.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

## ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് 5000 രൂപ വീതം ബാങ്കിൽ എത്തിച്ചു: മന്ത്രി ഡോ. ബിന്ദു

ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് ഈ സാമ്പത്തികവർഷം 8,95,000 രൂപ ബാങ്ക് അക്കൗണ്ടുകളിൽ എത്തിച്ചുവെന്ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. 179 ഏജന്റുമാർക്ക് അയ്യായിരം രൂപ വീതമാണ് അക്കൗണ്ടിലെത്തിച്ചത് - മന്ത്രി പറഞ്ഞു.

ഭിന്നശേഷിക്കാരായ അംഗീകൃത ലോട്ടറി ഏജന്റുമാർക്കുള്ള ധനസഹായത്തിന് ലഭിച്ച അപേക്ഷകരിൽ നിന്നാണ് 179 പേരെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ധനസഹായത്തിന് തിരഞ്ഞെടുത്തത്. അർഹരായ മുഴുവൻ അപേക്ഷകർക്കും ലോട്ടറി ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

സാമ്പത്തിക പരിമിതികൾക്കിടയിലും ഭിന്നശേഷിക്കാരെയും മറ്റ് അരികുവത്കൃത ജനവിഭാഗങ്ങളെയും ചേർത്തുപിടിക്കുന്ന എൽഡിഎഫ് സർക്കാരിന്റെ കരുതലാണ് ഈ ലോട്ടറി ധനസഹായമെന്നും മന്ത്രി പറഞ്ഞു.

വർഷങ്ങളായി മുടങ്ങിക്കിടന്ന ലോട്ടറി ധനസഹായ പദ്ധതി കഴിഞ്ഞ എൽഡിഎഫ് സർക്കാരാണ് പുന:സ്ഥാപിച്ചത്. രണ്ടു ഗഡുക്കളായി 2500 രൂപ നൽകിയിരുന്നത് ഒറ്റയടിയ്ക്ക് 5000 രൂപ ഒറ്റ ഗഡുവായാണ് നൽകുന്നത് - മന്ത്രി ഡോ. ബിന്ദു ചൂണ്ടിക്കാട്ടി.

## അക്കാദമിക് കോൺഫറൻസിലേക്ക് രജിസ്റ്റർ ചെയ്യാം

ബാർട്ടൺഹിൽ ഗവൺമെന്റ് എൻജിനീയറിങ് കോളേജിലെ ട്രാൻസ്ലേഷണൽ റിസർച്ച് ആന്റ് പ്രൊഫഷണൽ ലീഡർഷിപ്പ് സെന്ററും ഇൻഫർമേഷൻ ടെക്നോളജി വകുപ്പും മാർച്ച് 21, 22 തീയതികളിൽ 'Translational AI : for Engineering Solutions for osciety" എന്ന വിഷയത്തിൽ അന്താരാഷ്ട്ര അക്കാദമിക് കോൺഫറൻസ് സംഘടിപ്പിക്കുന്നു. തിരുവനന്തപുരം എസ്.പി ഗ്രാൻഡ് ഡെയ്സിൽ നടക്കുന്ന കോൺഫറൻസ് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ അനൂപ് അംബിക മുഖ്യപ്രഭാഷണം നടത്തും. വിദ്യാർഥികൾ, സർക്കാർ വകുപ്പുകളിലെ ജീവനക്കാർ, ഗവേഷകർ, വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന പ്രൊഫഷണലുകൾ എന്നിവർക്ക് കോൺഫറൻസിലേക്ക് അപേക്ഷിക്കാം. രജിസ്ട്രേഷൻ ലിങ്ക് : വദ്ഗേ://ള്രീാ.ഴഹല/ ലഅവഃ9ഴ94ുഃുചെഇൗഉ8. കൂടുതൽ വിവരങ്ങൾക്ക് : https://www.gecbh.ac.in/. ഫോൺ : 7736136161, 9995527866.

## പ്രളയകഥ പറയുന്ന സിനിമ കാണാനെത്തി സാമാജികർ

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഊഷ്മളമായ ദാമ്പത്യം, മനുഷ്യനും മനുഷ്യനും തമ്മിലും മറ്റു ജീവികളുമായുമുള്ള ബന്ധം എന്നിവ പ്രമേയമായ സിനിമ ആസ്വദിക്കാൻ തിരുവനന്തപുരം കൈരളി തിയേറ്ററിൽ എത്തി നിയമസഭ സാമാജികർ. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സാമാജികർക്കായി ഒരുക്കിയ പ്രത്യേക ചിത്രപ്രദർശനത്തിലാണ് സംസ്ഥാന സർക്കാരിന്റെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ശാക്തീകരണ ലക്ഷ്യങ്ങളുടെ ഭാഗമായി നിർമ്മിച്ച മനോജ് കുമാർ സി.എസ് സംവിധാനം ചെയ്ത 'പ്രളയശേഷം ഒരു ജലകന്യക' ചലച്ചിത്രം പ്രദർശിപ്പിച്ചത്.

എംഎൽഎമാരായ കെ.കെ. രമ, ദെലീമ, കെ.പി. കുഞ്ഞഹമ്മദ് കുട്ടി മാസ്റ്റർ, കെ.വി. സുമേഷ്, ലിന്റോ ജോസഫ്, സേവ്യർ ചിറ്റിലപ്പള്ളി, കെ. ശാന്തകുമാരി, ഇ. കെ. വിജയൻ, നിർമ്മാതാവ് സുരേഷ് കുമാർ, മേനക സുരേഷ് കുമാർ, ചിത്രത്തിന്റെ സംവിധായകൻ മനോജ് കുമാർ, അഭിനേതാക്കളായ ആശ അരവിന്ദ്, ഗോകുലൻ, രഞ്ജിത് ലളിതൻ തുടങ്ങിയവരും പ്രദർശനത്തിൽ പങ്കെടുത്തു.

## അധ്യാപക ഒഴിവ്

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സെന്ററുകളിൽ പ്രിന്റിംഗ് ടെക്നോളജിയിൽ ഗസ്റ്റ് അധ്യാപകരെ ആവശ്യമുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ പി.ജി / ഡിഗ്രി / ത്രിവത്സര എൻജിനീയറിങ് ഡിപ്ലോമ യോഗ്യതയും പ്രവൃത്തി പരിചയവുമാണ് യോഗ്യത. വിശദമായ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 എന്ന വിലാസത്തിൽ ഏപ്രിൽ 30 വൈകിട്ട് 5 ന് മുൻപ് ലഭിക്കത്തക്കവിധത്തിൽ അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് : www.captkerala.com, ഫോൺ : 0471 2474720, 0471 2467728.

# ബഹിരാകാശ ജീവിതത്തിന്റെ അറിയാക്കഥകൾ

## പിസ, കോഴി, പിന്നെ മൂത്രം ശുദ്ധീകരിച്ച വെള്ളം; സുനിത വില്യംസും വിൽമോറും കഴിച്ചത് എന്തെല്ലാം?

9 മാസത്തെ നീണ്ട ബഹിരാകാശ വാസത്തിനു ശേഷം സുനിതാ വില്യംസ് ഭൂമിയിലേക്ക് മടങ്ങിയെത്തിയിരിക്കുകയാണ്.

ഭൂമിയിൽ നിന്ന് ഏകദേശം 400 കിലോമീറ്റർ അകലെ, ഗുരുത്വാകർഷണമില്ലാത്ത ലോകത്ത്, മാസങ്ങളോളം താമസിക്കുക എന്നത് ഒട്ടനവധി വെല്ലുവിളികളും അതിലേറെ അത്ഭുതങ്ങളും നിറഞ്ഞ അനുഭവമാണ്. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ (കടട) സുനിതാ വില്യംസ് എങ്ങനെയാണ് ഒരു സാധാരണ ദിനം ചെലവഴിച്ചത്? ഭക്ഷണം കഴിക്കുന്നതും ഉറങ്ങുന്നതും വ്യായാമം ചെയ്യുന്നതും വസ്ത്രം ധരിക്കുന്നതും പോലുള്ള കാര്യങ്ങൾ അവിടെ എങ്ങനെ വ്യത്യസ്തമായിരുന്നു? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളിലേക്ക് ഒരു എത്തിനോട്ടം നടത്താം.



### അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ഒരു സാധാരണ ദിനം:

ഭൂമിയിലെ നിയന്ത്രണ കേന്ദ്രമാണ് ഐഎസ്എസിലെ ഓരോ ദിവസത്തെയും ഓരോ നിമിഷത്തെയും കാര്യങ്ങൾ തീരുമാനിക്കുന്നത്. ബഹിരാകാശ യാത്രികർ സാധാരണയായി രാവിലെ 6: 30ന് (ജിഎംടി) ഉണരും. ഐഎസ്എസ് മൊഡ്യൂളിലെ ഹാർമണി എന്നറിയപ്പെടുന്ന ടെലിഫോൺ ബൂത്തിന്റെ വലുപ്പമുള്ള സ്ലീപ്പിംഗ് ക്വാർട്ടേഴ്സിൽ നിന്നാണ് അവർ ഉണരുന്നത്. മുൻ ബഹിരാകാശ യാത്രിക നിക്കോൾ സ്റ്റോട്ട് ഈ അറകളെ ലോകത്തിലെ ഏറ്റവും മികച്ച സ്ലീപ്പിംഗ് ബാഗുകളോട് ഉപമിക്കുന്നു. ഓരോ ചെറിയ അറകളിലും ലാപ്ടോപ്പുകൾ ഉണ്ടാകും, അതുവഴി യാത്രികർക്ക് അവരുടെ കുടുംബാംഗങ്ങളുമായി ബന്ധപ്പെടാൻ സാധിക്കും. കൂടാതെ, സ്വകാര്യമായ ചിത്രങ്ങളും പുസ്തകങ്ങളും സൂക്ഷിക്കാൻ ഒരിടവും ഉണ്ടാകും.

### ബാത്റൂമും വ്യക്തിശുചിത്വവും:

ബഹിരാകാശ നിലയത്തിലെ ബാത്റൂം ഒരു ചെറിയ അറയാണ്. അവിടെ മാലിന്യവും അവശിഷ്ടങ്ങളുമുണ്ടെങ്കിൽ ഉന്നത മർദമുപയോഗിച്ച് വലിച്ചെടുക്കുന്ന 'സക്ഷൻ' സംവിധാനം ഉണ്ടായിരിക്കും. വിയർപ്പും മൂത്രവും പുനരുപയോഗിച്ച് കുടിവെള്ളത്തിനായി ഉപയോഗിക്കുക എന്നതാണ് സാധാരണ രീതി. എന്നാൽ സാങ്കേതിക തകരാറുകൾ ഉണ്ടായാൽ മൂത്രം സംഭരിക്കുകയും ചെയ്യും. അതിനുശേഷം ബഹിരാകാശ യാത്രികർ അവരുടെ ദിവസത്തെ ജോലികൾ ആരംഭിക്കും. ഭൂരിഭാഗം സമയവും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വിവിധ ശാസ്ത്രീയ പരീക്ഷണങ്ങൾക്കുമായിട്ടാണ് നീക്കിവെക്കുന്നത്.

ബഹിരാകാശ നിലയം ബക്കിംഗ്ഹാം കൊട്ടാരത്തിന്റെ വലുപ്പമോ ഒരു അമേരിക്കൻ ഫുട്ബോൾ മൈതാനത്തിന്റെ അത്ര വലുപ്പമോ ഉണ്ടാകും. 2012-13 ലെ 'എക്സ്പെഡിഷൻ 35' മിഷനിൽ പങ്കെടുത്ത കാനഡയിലെ ബഹിരാകാശ യാത്രികനായ ക്രിസ് ഹാഡ്ഫീൽഡ് പറയുന്നത് ഇതിനകത്ത് നോക്കിയാൽ നിരവധി ബസുകൾ കൂട്ടിച്ചേർത്തത് പോലെ തോന്നുമെന്നും പകുതി ദിവസത്തോളം മറ്റൊരാളെ കാണാൻ പോലും സാധിക്കില്ലെന്നുമാണ്. ആളുകൾ ഈ സ്റ്റേഷനിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നില്ലെന്നും ഇത് വളരെ വലുതും ശാന്തവുമാണെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

### ജോലിയും പരീക്ഷണങ്ങളും ഒഴിവുനേരങ്ങളും

ഐഎസ്എസിൽ വിവിധ പരീക്ഷണങ്ങൾ നടത്താനായി ആറ് അത്യാധുനിക ലാബുകൾ ഉണ്ട്. വെല്ലുവിളി നിറഞ്ഞ ബഹിരാകാശ അന്തരീക്ഷം മനുഷ്യശരീരത്തിൽ ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കാൻ ബഹിരാകാശ യാത്രികർ ഹൃദയം, തലച്ചോറ്, രക്തം എന്നിവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന മോണിറ്ററുകൾ ധരിക്കും. നിക്കോൾ സ്റ്റോട്ട് ഇതിനെ നമ്മൾ ഗിനിപ്പന്നികളെപ്പോലെയാണെന്ന് വിശേഷിപ്പിക്കുന്നു. ബഹിരാകാശം നിങ്ങളുടെ അസ്ഥികളെയും പേശികളെയും വാർദ്ധക്യത്തിലേക്ക് വളരെ വേഗത്തിൽ എത്തിക്കുന്നു, ഇത് ശാസ്ത്രജ്ഞർക്ക് പഠിക്കാൻ സാധിക്കും.

ബഹിരാകാശ യാത്രികർക്ക് മിഷൻ കൺട്രോളിന്റെ കണക്കുകൂട്ടലുകളേക്കാൾ വേഗത്തിൽ പലപ്പോഴും ജോലികൾ പൂർത്തിയാക്കാൻ സാധിക്കാറുണ്ട്. ക്രിസ് ഹാഡ്ഫീൽഡ് പറയുന്നത് അഞ്ച് മിനിറ്റ് ഒഴിവുസമയം കണ്ടെത്തുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളിയെന്നും ആ സമയം ജനലിലൂടെ പുറത്തേക്ക് നോക്കാനും സംഗീതം എഴുതാനും ചിത്രങ്ങൾ എടുക്കാനും കുട്ടികൾക്കായി എന്തെങ്കിലും എഴുതാനും ഉപയോഗിക്കുമെന്നുമാണ്. അദ്ദേഹത്തിന് സ്പേസ് വാക്ക് ചെയ്യാനുള്ള അസുലഭമായ അവസരം ലഭിച്ചിട്ടുണ്ട്.

ബഹിരാകാശ നിലയം വിട്ട് പുറത്തേക്ക് പോകുന്ന ഈ അനുഭവം അദ്ദേഹം രണ്ടുതവണ നടത്തിയിട്ടുണ്ട്. ഹെൽമെറ്റ് പോലുള്ള പ്ലാസ്റ്റിക് വൈസർ ഒഴികെ താനും പ്രപഞ്ചവും തമ്മിൽ മറ്റൊന്നുമില്ലാതിരുന്ന ആ 15 മണിക്കൂർ തന്റെ ജീവിതത്തിലെ ബാക്കിയുള്ള സമയത്തേക്കാൾ വളരെ വ്യത്യസ്തമായിരുന്നുവെന്ന് അദ്ദേഹം പറയുന്നു. ഈ സ്പേസ് വാക്കിനൊപ്പം ബഹിരാകാശ യാത്രികർക്ക് ലോഹം പോലെയുള്ള ഒരു ഗന്ധവും അനുഭവപ്പെടാറുണ്ട്.

### ബഹിരാകാശത്തിലെ ഗന്ധം:

1991 ൽ സോവിയറ്റ് ബഹിരാകാശ നിലയമായ മിറിൽ എട്ട് ദിവസം ചെലവഴിച്ച ബ്രിട്ടനിലെ ആദ്യത്തെ ബഹിരാകാശ യാത്രിക ഹെലൻ ഷാർമാൻ പറയുന്നത് ഭൂമിയിൽ അലക്കുയന്ത്രത്തിന്റെയോ ശുദ്ധമായ വായുവിന്റെയോ ഒക്കെ ഗന്ധം പോലെ പലതരം ഗന്ധങ്ങളുണ്ട്. എന്നാൽ ബഹിരാകാശത്ത് ഒരേ തരത്തിലുള്ള ഗന്ധം മാത്രമേയുള്ളൂ, അത് പെട്ടെന്ന് തന്നെ നമുക്ക് പരിചിതമാവുമെന്നും അവർ കൂട്ടിച്ചേർക്കുന്നു.

ഭൂമിയിലേക്ക് മടങ്ങിയ ശേഷം തന്റെ ഘ്രാണശക്തിയുടെ അനുഭവത്തെക്കുറിച്ച് അവർക്ക് കൂടുതൽ മതിപ്പുണ്ടായി. 33 വർഷങ്ങൾക്ക് ശേഷം അവർ പറയുന്നത് ബഹിരാകാശത്ത് കാലാവസ്ഥയില്ലെന്നും മഴത്തുള്ളികൾ മുഖത്ത് വീഴുകയോ കാറ്റിൽ മുടി പാറുകയോ ചെയ്യില്ലെന്നും ആ ദിവസങ്ങൾ ഇന്നും ഓർക്കുന്നുവെന്നുമാണ്.

### വ്യായാമത്തിന്റെ പ്രാധാന്യം:

ബഹിരാകാശ നിലയത്തിൽ ദീർഘകാലം താമസിക്കുന്ന ബഹിരാകാശ യാത്രികർ അവരുടെ ജോലികൾക്ക് പുറമെ ദിവസവും രണ്ട് മണിക്കൂർ നിർബന്ധമായും വ്യായാമം ചെയ്യണം. ഭാരമില്ലാത്ത അവസ്ഥയിൽ അസ്ഥികളുടെ സാന്ദ്രത വളരെ വേഗത്തിൽ കുറയാൻ തുടങ്ങും. ഇത് തടയുന്നതിനായി മൂന്ന് വ്യത്യസ്ത തരം വ്യായാമ യന്ത്രങ്ങൾ ഇവിടെയുണ്ട്.

നിക്കോൾ സ്റ്റോട്ട് പറയുന്നത് എആർഇഡി (അഡ്വാൻസ്ഡ് റെസിസ്റ്റീവ് എക്സർസൈസ് ഡിവൈസ്) സ്ക്വാട്ട്, ഡെഡ്ലിഫ്റ്റ് തുടങ്ങിയ വ്യായാമങ്ങൾ ചെയ്യാൻ സഹായിക്കുമെന്നാണ്. ട്രെഡ്മില്ലിൽ ഓടുമ്ബോൾ പ്രത്യേക ബെൽറ്റുകൾ ഉപയോഗിച്ച് സ്വയം ബന്ധിപ്പിക്കേണ്ടിവരും, അതുവഴി ഭാരമില്ലായ്മയിൽ അന്തരീക്ഷത്തിൽ ഒഴുകിനടക്കുന്നത് തടയാൻ സാധിക്കും. സൈക്കിൾ ചവിട്ടാനുള്ള ഒരു യന്ത്രവും ഇവിടെയുണ്ട്.

### വസ്ത്രധാരണവും ശുചിത്വവും:

ഈ ജോലികളെല്ലാം ചെയ്യുമ്പോൾ ധാരാളം വിയർപ്പുണ്ടാകും. ഇത് വസ്ത്രം വൃത്തിയാക്കുന്നതിൽ വലിയൊരു വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. ഇവിടെ അലക്കാനുള്ള സൗകര്യമില്ല. കുറച്ച് സോപ്പ് പോലുള്ള കുമിളകൾ ഉണ്ടാക്കുന്ന വെള്ളം മാത്രമേയുള്ളൂ, അത് ഉപയോഗിച്ചാണ് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത് എന്ന് സ്റ്റോട്ട് പറയുന്നു. ഗുരുത്വാകർഷണമില്ലാത്തതിനാൽ ശരീരത്തിൽ നിന്ന് വിയർപ്പ് നീക്കം ചെയ്യുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ഭൂമിയെ അപേക്ഷിച്ച് അവിടെ കൂടുതൽ വിയർപ്പുണ്ടാകും. തലയിൽ വിയർപ്പ് വരുമ്ബോൾ തല താഴ്ത്തേണ്ടിവരും, കാരണം അത് കുടഞ്ഞാൽ എല്ലായിടത്തും പടരും.

ഈ വസ്ത്രങ്ങൾ അത്രയധികം മലിനമാകുമ്ബോൾ, ദൗത്യം അവസാനിക്കുമ്ബോൾ ഭൂമിയുടെ അന്തരീക്ഷത്തിൽ പ്രവേശിക്കുമ്ബോൾ ചരക്ക് വാഹനത്തിൽ അവ ഇടും. എന്നാൽ, ദിവസവും ധരിക്കുന്ന വസ്ത്രങ്ങൾ വൃത്തിയുള്ളതായിരിക്കും. ഭാരമില്ലാത്ത അവസ്ഥയിൽ വസ്ത്രങ്ങൾ ശരീരത്തിൽ പൊങ്ങിനടക്കും, എണ്ണയോ മറ്റെന്തെങ്കിലും അഴുക്കോ അവയെ ബാധിക്കില്ല. തനിക്ക് മൂന്ന് മാസത്തേക്ക് ഒരേ പാന്റ്സ് ഉപയോഗിക്കേണ്ടി വന്നിട്ടുണ്ട് എന്ന് സ്റ്റോട്ട് ഓർക്കുന്നു.

### ഭക്ഷണവും വിതരണവും:

ബഹിരാകാശ യാത്രികർക്ക് ഭക്ഷണം കഴിക്കുന്നതും അത്ര എളുപ്പമുള്ള കാര്യമല്ല. ആരെങ്കിലും ഇറച്ചിയോ ഗ്രേവിയോ അടങ്ങിയ ടിൻ തുറന്നാൽ എല്ലാവരും ശ്രദ്ധാലുക്കളാകും, കാരണം ഭക്ഷണം പുറത്തേക്ക് തെറിച്ച് അവരുടെ മേൽ വീഴാൻ സാധ്യതയുണ്ട്. ബഹിരാകാശ നിലയത്തിലേക്ക് എപ്പോൾ വേണമെങ്കിലും മറ്റൊരു ബഹിരാകാശ പേടകം പുതിയ യാത്രികരുമായി വരാം. അതോടൊപ്പം ആവശ്യമായ ഭക്ഷണവും വസ്ത്രവും മറ്റ് ഉപകരണങ്ങളും എത്തിക്കും. നാസ എല്ലാ വർഷവും സാധനങ്ങൾ എത്തിക്കുന്നതിനായി ബഹിരാകാശ പേടകങ്ങൾ അയക്കാറുണ്ട്. അവ ഭൂമിയിൽ നിന്ന് ബഹിരാകാശ നിലയത്തിലേക്ക് വരുന്നത് അത്ഭുതകരമായ കാഴ്ചയാണ് എന്ന് ഹാഡ്ഫീൽഡ് പറയുന്നു.

### ഭക്ഷണത്തിലെ വൈവിധ്യവും പങ്കുവെക്കലും:

ഒരു ദിവസത്തെ കഠിനാധ്വാനത്തിനു ശേഷം അത്താഴത്തിനുള്ള സമയമാകും. ഭക്ഷണം പാക്കറ്റുകളിലായാണ് ലഭിക്കുന്നത്. ഇത് ഓരോ രാജ്യത്തിനും അനുസരിച്ച് വ്യത്യസ്ത അറകളായി തിരിച്ചിരിക്കും. തന്റെ ഇഷ്ടപ്പെട്ട ഭക്ഷണങ്ങൾ ജാപ്പനീസ് കറിയും റഷ്യൻ സൂപ്പുമായിരുന്നു. ബഹിരാകാശ യാത്രികരുടെ കുടുംബാംഗങ്ങൾക്ക് അവർക്കായി ഇഷ്ടപ്പെട്ട ഭക്ഷണം അയക്കാനും സാധിക്കും. തന്റെ മകനും ഭർത്താവും തനിക്കായി ചോക്ലേറ്റ് പൊതിഞ്ഞ ഇഞ്ചി മിഠായികൾ അയച്ചിരുന്നുവെന്നും മിക്കവാറും എല്ലാവരും അവരുടെ ഭക്ഷണം പരസ്പരം പങ്കുവെക്കാറുണ്ടെന്നും സ്റ്റോട്ട് ഓർക്കുന്നു.

### ടീം വർക്കും മാനസികാവസ്ഥയും:

ബഹിരാകാശ യാത്രികരെ തിരഞ്ഞെടുക്കുന്നത് അവരുടെ വ്യക്തിപരമായ കഴിവുകളുടെയും മാനസികാവസ്ഥയുടെയും അടിസ്ഥാനത്തിലാണ്. അവർക്ക് എത്രത്തോളം ക്ഷമയുണ്ട്, അവർക്ക് ശാന്തമായിരിക്കാൻ സാധിക്കുമോ എന്നെല്ലാം സൂക്ഷ്മമായി വിലയിരുത്തിയതിന് ശേഷം അവരെ ഒരു ടീമായി പ്രവർത്തിക്കാൻ പരിശീലിപ്പിക്കും. ഇത് സംഘർഷങ്ങൾ ഉണ്ടാകാനുള്ള സാധ്യത വളരെ കുറയ്ക്കും എന്ന് ഷാർമാൻ പറയുന്നു. അതിനർത്ഥം ആരുടെയെങ്കിലും മോശം പെരുമാറ്റം സഹിക്കുക എന്നതല്ല, മറിച്ച് അത് കണ്ടെത്തുകയും പരിഹരിക്കുക എന്നതുമാണ്. ഞങ്ങൾ പരസ്പരം പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

### ഉറക്കവും ഭൂമിയുടെ മനോഹരമായ കാഴ്ചയും:

ദിവസം മുഴുവൻ ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ ജോലി ചെയ്ത ശേഷം ബഹിരാകാശ യാത്രികർ ഉറങ്ങാൻ പോകും. കാർബൺ ഡയോക്സൈഡിന്റെ അളവ് നിയന്ത്രിക്കാൻ ഫാനുകൾ പ്രവർത്തിക്കുന്നതിനാൽ അവിടെ ചെറിയ ശബ്ദങ്ങളുണ്ടാകും. ഞങ്ങൾക്ക് എട്ട് മണിക്കൂർ വരെ ഉറങ്ങാൻ സാധിക്കും, പക്ഷേ മിക്ക ആളുകളും അവരുടെ ജനലിലൂടെ താഴേക്ക്, ഭൂമിയിലേക്ക് നോക്കിയിരിക്കും എന്ന് സ്റ്റോട്ട് പറയുന്നു. ഭൂമിയിലേക്ക് നോക്കുമ്ബോൾ എന്ത് തോന്നിയിരുന്നു എന്ന് മൂന്ന് മുൻ ബഹിരാകാശ യാത്രികരും വിശദീകരിക്കുന്നു.

ഷാർമാൻ പറയുന്നത് ബഹിരാകാശത്തിന്റെ വിശാലതയിൽ താൻ വളരെ ചെറുതായി തോന്നിയെന്നും ഭൂമിയെ വ്യക്തമായി കാണുന്നതും മേഘങ്ങളെയും സമുദ്രങ്ങളെയും നോക്കിനിൽക്കുന്നതും നമ്മൾ ഭൂമിയിൽ സൃഷ്ടിച്ചിട്ടുള്ള അതിരുകളെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചുവെന്നും നമ്മൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും ഓർമ്മിപ്പിച്ചുവെന്നുമാണ്. സ്റ്റോട്ട് പറയുന്നത് വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുള്ള ആളുകളോടൊപ്പം താമസിക്കാൻ തനിക്ക് ഇഷ്ടമായിരുന്നുവെന്നും ഭൂമിയിലെ എല്ലാ ആളുകൾക്കും വേണ്ടി ഒരുമിച്ച് പ്രവർത്തിക്കുന്നതും പ്രശ്നങ്ങളെ എങ്ങനെ തരണം ചെയ്യാമെന്ന് കണ്ടെത്തുന്നതും സന്തോഷം നൽകുന്ന കാര്യമാണെന്നുമാണ്. ഇത് നമ്മുടെ ഭൂമിയിൽ എന്തുകൊണ്ട് സാധ്യമാകുന്നില്ല എന്നും അവർ അത്ഭുതപ്പെടുന്നു.

### സുനിത വില്യംസും ബുച്ച് വിൽമോറും കഴിച്ച ഭക്ഷണം:

കഴിഞ്ഞ വർഷം നവംബറിൽ ന്യൂയോർക്ക് പോസ്റ്റ് റിപ്പോർട്ട് ചെയ്തതനുസരിച്ച് നാസയുടെ ബഹിരാകാശ യാത്രികരായ സുനിതാ വില്യംസും ബുച്ച് വിൽമോറും ബഹിരാകാശ നിലയത്തിൽ പിസ്സ, പൊരിച്ച ചിക്കൻ, ചെമ്മീൻ കോക്ടെയ്ൽ എന്നിവ കഴിച്ചിരുന്നു. ബോയിംഗ് സ്റ്റാർലൈനർ മിഷൻ പ്രശ്നങ്ങളെക്കുറിച്ച് അറിയാവുന്ന ഒരു വ്യക്തിയുടെ അഭിപ്രായത്തിൽ, ബഹിരാകാശ യാത്രികരുടെ പക്കൽ പുതിയ പഴങ്ങളും പച്ചക്കറികളും പരിമിതമായിരുന്നു, ഇത് ബഹിരാകാശ നിലയത്തിലെ അവരുടെ ദീർഘകാല താമസത്തിൽ സമീകൃതാഹാരം നിലനിർത്താൻ അവർക്ക് ബുദ്ധിമുട്ടുണ്ടാക്കി.

ബഹിരാകാശ യാത്രികർക്ക് പൊടിച്ച പാലോടുകൂടിയ പ്രഭാതഭക്ഷണ ധാന്യങ്ങൾ, പിസ്സ, പൊരിച്ച ചിക്കൻ, ചെമ്മീൻ കോക്ടെയ്ൽ, ട്യൂണ എന്നിവ ലഭ്യമായിരുന്നു. നാസയിലെ മെഡിക്കൽ സംഘം അവരുടെ കലോറി ഉപഭോഗം കൃത്യമായി നിരീക്ഷിച്ചിരുന്നു. തുടക്കത്തിൽ ലഭ്യമായിരുന്ന പുതിയ പഴങ്ങളും പച്ചക്കറികളും മൂന്ന് മാസത്തിനുള്ളിൽ തീർന്നു. പിന്നീട് അവർക്ക് പാക്കേജുചെയ്തതോ ശീതീകരിച്ചതോ ആയ പഴങ്ങളും പച്ചക്കറികളുമാണ് ഉണ്ടായിരുന്നത്. ഭക്ഷണം തയ്യാറാക്കുന്നത് ലളിതമാക്കാൻ, എല്ലാ ഇറച്ചിയും മുട്ടയും ഭൂമിയിൽ നിന്ന് മുൻകൂട്ടി പാകം ചെയ്താണ് കൊണ്ടുപോയത്, ബഹിരാകാശ നിലയത്തിൽ അവ വീണ്ടും ചൂടാക്കുക മാത്രമേ വേണ്ടിയിരുന്നുള്ളൂ.

സൂപ്പ്, സ്റ്റ്യൂ, കാസറോൾ തുടങ്ങിയ നിർജ്ജലീകൃത ഭക്ഷണങ്ങൾ സ്റ്റേഷനിലെ 530 ഗാലൺ ശുദ്ധജല ടാങ്കിലെ വെള്ളം ഉപയോഗിച്ച് പുനരുജ്ജീവിപ്പിച്ചു. കൂടാതെ, ബഹിരാകാശ യാത്രികരുടെ മൂത്രവും വിയർപ്പും ശുദ്ധീകരിച്ച് കുടിവെള്ളത്തിനായി വീണ്ടും ഉപയോഗിക്കുന്നു. ഐഎസ്എസ് ഒരു ദിവസം ഒരു ബഹിരാകാശ സഞ്ചാരിക്കായി 3.8 പൗണ്ട് ഭക്ഷണസാധനങ്ങളാണ് കരുതിവെക്കുന്നത്. ഇതുകൂടാതെ പോഷക സപ്ലിമെന്റുകളും നൽകും. സെപ്റ്റംബർ ഒമ്ബതിന് സുനിത വില്യംസ് നിലയത്തിലിരുന്ന് ഭക്ഷണം കഴിക്കുന്ന ദൃശ്യങ്ങൾ നാസ പുറത്തുവിട്ടിരുന്നു.

## തെരഞ്ഞെടുപ്പ് കമ്മിഷണർമാരുടെ നിയമനം; കേസ് ഏപ്രിൽ 16ന് പരിഗണിക്കും

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറുടെയും തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെയും നിയമനം സംബന്ധിച്ച ഹർജി ഏപ്രിൽ 16ന് സുപ്രീംകോടതി പരിഗണിക്കും.തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനത്തിനായുള്ള സെലക്ഷൻ പാനലിൽനിന്ന് ചീഫ് ജസ്റ്റീസിനെ നീക്കം ചെയ്തതു ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജികളാണ് ജസ്റ്റീസുമാരായ സൂര്യകാന്ത്, എൻ. കെ. സിംഗ് എന്നിവരടങ്ങിയ ബെഞ്ച് പരിഗണിക്കുന്നത്. 38ാമത്തെ കേസായിട്ടാണ് വിഷയം കോടതി പരിഗണിക്കുക. നേരത്തേ ലിസ്റ്റ് ചെയ്യണമെന്ന് ഹർജിക്കാർക്കുവേണ്ടി മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ ആവശ്യപ്പെട്ടെങ്കിലും കോടതി പരിഗണിച്ചില്ല. 2023 മാർച്ചിൽ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെയും തെരഞ്ഞെടുപ്പ് കമ്മീഷണർമാരെയും നിയമിക്കാൻ പ്രധാനമന്ത്രി, പ്രതിപക്ഷ നേതാവ്, സുപ്രീംകോടതി ചീഫ് ജസ്റ്റീസ് എന്നിവരെ ഉൾപ്പെടുത്തി പാനൽ രൂപീകരിക്കാൻ സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് നിർദേശിച്ചിരുന്നു. എന്നാൽ ഇതിനെ മറികടക്കാൻ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ, കമ്മീഷണർമാർ എന്നിവരുടെ നിയമനവുമായി ബന്ധപ്പെട്ട നിയമം ഇതേവർഷം ഡിസംബറിൽ കേന്ദ്രസർക്കാർ പാസാക്കി. പുതിയ നിയമമനുസരിച്ച് സെലക്ഷൻ പാനലിൽനിന്നു ചീഫ് ജസ്റ്റീസിനെ ഒഴിവാക്കി ഒരു കേന്ദ്ര കാബിനറ്റ് മന്ത്രിയെ ഉൾപ്പെടുത്തി. ഭരണഘടനാ ബെഞ്ചിന്റെ വിധി നിലനിൽക്കേ പുതിയതായി പാസാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള നിയമനമാണു ചോദ്യം ചെയ്യപ്പെടുന്നത്.



ഉപലോകായുക്തയായി ജസ്റ്റിസ് വി ഷെർസി സത്യപ്രതിജ്ഞ ചെയ്ത് ചുമതയേൽക്കുന്നു. ലോകായുക്ത ജസ്റ്റിസ് എൻ അനിൽ കുമാർ സത്യവാചകം ചൊല്ലിക്കൊടുക്കുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വയനാട് പുനരധിവാസത്തിന് ഏറ്റെടുക്കുന്ന എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമിക്ക് 26.56 കോടി നഷ്ടപരിഹാരം

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതരുടെ പുനരധിവാസത്തിനായി ഏറ്റെടുത്ത് ടൗൺഷിപ്പ് നിർമിക്കുന്ന കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റ് ഭൂമിക്ക് 26.56 കോടി രൂപ നഷ്ടപരിഹാരം അനുവദിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

എൽസ്റ്റൺ എസ്റ്റേറ്റിലെ 64.4075 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഇതിനു വിശദ വില വിവര റിപ്പോർട്ടിൽ പരാമർശിച്ച 26,56,10,769 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് അനുവദിക്കുക. മേപ്പാടി ഗ്രാമപഞ്ചായത്തിലെ ഉരുൾപൊട്ടലിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട ഏഴു കുട്ടികൾക്കും മാതാപിതാക്കളിൽ ഒരാൾ മാത്രം നഷ്ടപ്പെട്ട 14 കുട്ടികൾക്കും പഠന ആവശ്യത്തിനായി മാത്രം 10 ലക്ഷം രൂപ വീതം അനുവദിക്കും.

18 വയസുവരെ തുക പിൻവലിക്കാൻ കഴിയില്ലെന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നാണ് ധനസഹായം നൽകുക. വനിത – ശിശു വികസന വകുപ്പ് അനുവദിച്ച ധനസഹായത്തിന് പുറമെയാണിത്. തുക ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചു പ്രതിമാസ പലിശ ബന്ധപ്പെട്ട കുട്ടിയുടെ രക്ഷാകർത്താവിന് ഓരോ മാസവും നൽകുന്നതിന് വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

വയനാട് ടൗൺഷിപ്പ് പദ്ധതികളുടെ നടത്തിപ്പിനായി രൂപീകരിച്ച പദ്ധതി നിർവഹണ യൂണിറ്റിൽ വിവിധ തസ്തികകൾ അനുവദിച്ചു. അക്കൗണ്ട്സ് ഓഫീസർ, സിവിൽ എൻജിനിയർ എന്നീ തസ്തികകൾ സൃഷ്ടിക്കും.

ഫിനാൻസ് ആൻഡ് അക്കൗണ്ട്സ് ഓഫീസർ എന്ന തസ്തിക ഫിനാൻസ് ഓഫീസർ എന്ന് പുനർനാമകരണം ചെയ്യും. സ്റ്റാഫിന്റെ നിയമനം നടത്താനുള്ള നടപടി സ്വീകരിക്കാൻ വയനാട് ടൗൺഷിപ്പ് പ്രോജക്ട് സ്പെഷൽ ഓഫീസർക്ക് അനുമതി നൽകും. പ്രോജക്ട് ഇംപ്ലിമെൻറേഷൻ യൂണിറ്റിന്റെ തലവനായി വയനാട് ടൗൺഷിപ്പ് പ്രോജക്ട് സ്പെഷൽ ഓഫീസറെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

# 10.5 കിലോഗ്രാം കഞ്ചാവും പിടികൂടി: വീട്ടുവളപ്പിൽ കഞ്ചാവ് തോട്ടം രണ്ട് യുവാക്കൾ അറസ്റ്റിൽ

കൊല്ലം: ഓച്ചിറയിൽ വീട്ടുവളപ്പിൽ കഞ്ചാവ് കൃഷി നടത്തിയ രണ്ട് യുവാക്കൾ എക്സൈസ് പിടിയിൽ. ഓച്ചിറ മേമന മനീഷ് ഭവനത്തിൽ മനീഷ് (മോളി 27), മേമന ഇടയില വീട്ടിൽ അഖിൽ കുമാർ (31) എന്നിവരാണ് അറസ്റ്റിലായത്. എക്സൈസ് എൻഫോഴ്സ്മെൻറ് ആൻറ് നർക്കോട്ടിക് സ്പെഷൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ എസ്. എസ്.ഷിജുവിന്റെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ പിടികൂടിയത്.

മനീഷ് നേരത്തെ എംഡിഎംഎ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളയാളാണ്. ഇയാളുമായി ബന്ധപ്പെട്ട കേസ് അന്വേഷിക്കാനെത്തിയ സംഘം അഖിലിന്റെ വീട്ടുവളപ്പിലെ കഞ്ചാവ് കൃഷിയുടെ തോട്ടം കണ്ടെത്തുകയായിരുന്നു.

40 സെൻറിമീറ്റർ വരെ വളർച്ചയെത്തിയ രണ്ട് മാസത്തിലേറെ പ്രായം വരുന്ന 38 കഞ്ചാവ് ചെടികളാണ് കണ്ടെത്തിയത്. ചെടിച്ചട്ടികളിലും മറ്റുമായിട്ടായിരുന്നു കൃഷി. ഇവർ കടത്തിക്കൊണ്ടു വരുന്ന കഞ്ചാവിൽ നിന്ന് നല്ലവിത്തുകൾ ശേഖരിച്ചായിരുന്നു കൃഷി ചെയ്തുവന്നത്. ജില്ലയുടെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിൽ വലിയ തോതിൽ കഞ്ചാവ് കൃഷി കണ്ടെത്തുന്നത്. പരിശോധനയിൽ 10. 5 കിലോ കഞ്ചാവും എക്സൈസ് സംഘം കണ്ടെടുത്തു.

106 ഗ്രാം എംഡിഎംഎ കണ്ടെത്തിയ കേസിലെ പ്രതിയായ മനീഷ് അഞ്ചുമാസത്തിലേറെയായി എക്സൈസിന്റെ നിരീക്ഷണത്തിലായിരുന്നു. പിടികൂടാനെത്തുമ്പോൾ ഇയാൾ വളർത്തുന്ന വിദേശ ഇനത്തിൽ പെട്ട അഞ്ച് നായകളെ തുറന്നുവിട്ട് രക്ഷപെടുകയായിരുന്നു പതിവ്. കഴിഞ്ഞ ദിവസം ഏറെ സാഹസികമായാണ് മനീഷിനെ പിടികൂടിയതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ഇയാളിൽ നിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കഞ്ചാവ് ചെടികൾ കണ്ടെത്തിയത്.

പരിശോധനാ സംഘത്തിൽ എക്സൈസ് ഇൻസ്പെക്ടർ സി. പി ദിലീപ്, അസി. എക്സൈസ് ഇൻസ്പെക്ടർ വിധു കുമാർ, പ്രിവന്റീവ് ഓഫീസർ പ്രസാദ് കുമാർ, സിവിൽ എക്സൈസ് ഓഫീസർമാരായ എം. ആർ അനീഷ്, ജൂലിയൻ ക്രൂസ്, ബി. എസ് അജിത്ത്, ജോജോ, സൂരജ്, അഭിറാം, വനിതാ സിവിൽ എക്സൈസ് ഓഫീസർമാരായ ജാസ്മിൻ, നിജി, സിവിൽ എക്സൈസ് ഓഫിസർ ഡ്രൈവർസുഭാഷ് എന്നിവരും ഉണ്ടായിരുന്നു.

# 70 കൊല്ലമായി കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ; നടപടി നേരിട്ടാലും കമ്മ്യൂണിസ്റ്റുകാരനായി തുടരുമെന്ന് ഇസ്മയിൽ

പാലക്കാട്: പാർട്ടിയിൽ നിന്ന് സസ്പെൻഡുചെയ്തതുമായി ബന്ധപ്പെട്ട് അറിയിപ്പ് ലഭിച്ചിട്ടില്ലെന്ന് സിപിഐ നേതാവ് കെ. ഇ. ഇസ്മയിൽ. താൻ 70 കൊല്ലത്തോളമായി കമ്മ്യൂണിസ്റ്റ് പർട്ടിയിൽ പ്രവർത്തിക്കുകയാണ്. നടപടി നേരിട്ടാലും ഇനിയും കമ്മ്യൂണിസ്റ്റുകാരനായി തുടരുമെന്നും അദ്ദേഹം പറഞ്ഞു.

സിപിഐ മുതിർന്ന നേതാവ് കെ. ഇ. ഇസ്മയിലിനെ പാർട്ടിയിൽനിന്നും സസ്പെൻഡ് ചെയ്യാൻ ശിപാർശചെയ്തിരുന്നു. എറണാകുളം മുൻ ജില്ലാ സെക്രട്ടറിയായിരുന്ന പി. രാജുവിന്റെ മരണത്തിനു പിന്നാലെ നടത്തിയ പ്രതികരണത്തിലാണ് നടപടിക്ക് ശിപാർശ.

ആറ് മാസത്തേയ്ക്ക് സസ്പെൻഡ് ചെയ്യണമെന്ന് സിപിഐ എക്സിക്യൂട്ടീവിലാണ് നിർദേശമുണ്ടായത്. തീരുമാനം സംസ്ഥാന കൗൺസിലിനെ അറിയിക്കും. മുൻ ദേശീയ എക്സിക്യൂട്ടീവ് അംഗമായ ഇസ്മയിൽ ഇപ്പോൾ പാലക്കാട് ജില്ലാ കൗൺസിലിലെ ക്ഷണിതാവാണ്.

ജില്ലാ മുൻ സെക്രട്ടറിയും എംഎൽഎയുമായിരുന്ന പി. രാജുവിനെതിരായ പാർട്ടി നടപടിയിൽ വിഷമമുണ്ടായിരുന്നുവെന്നായിരുന്നു ഇസ്മയിലിന്റെ പ്രതികരണം. സാമ്പത്തിക തിരിമറി നടത്തി എന്ന ആരോപണത്തിലാണ് രാജു സംഘടനാ നടപടിക്ക് വിധേയനായത്.

എന്നാൽ അദ്ദേഹം കുറ്റക്കാരനല്ല എന്ന് കണ്ടെത്തിയിട്ടും പാർട്ടി നടപടി പിൻവലിച്ചല്ല. ഇക്കാര്യം പാർട്ടി പരിശോധിക്കുമെന്ന് പ്രതീക്ഷയുണ്ടെന്നും അന്ന് നൽകിയ പ്രതികരണത്തിൽ ഇസ്മയിൽ പറഞ്ഞിരുന്നു.

രാജുവിനെ ചിലർ വേട്ടയാടിയിരുന്നുവെന്നും ഇസ്മയിൽ ആരോപിച്ചിരുന്നു. രാജുവിന്റെ സംസ്കാര ചടങ്ങിൽ പോലും ആരും പങ്കെടുത്തില്ലെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഇല്ലാത്ത പ്രശ്നങ്ങളുടെ പേരിൽ പാർട്ടി രാജുവിനെ വ്യക്തിഹത്യ നടത്തി. ദീർഘകാലത്തെ സൽപ്പേര് കളങ്കപ്പെടുത്താൻ ശ്രമിച്ചത് അദ്ദേഹത്തിന് വലിയ ആഘാതമായിരുന്നുവെന്നും ഇസ്മയിൽ ആരോപിച്ചിരുന്നു.

ഫെബ്രുവരി 27 ന് ആണ് മുൻ എംഎൽഎ കൂടിയായ പി. രാജു അന്തരിച്ചത്.

# ആശ സമരത്തിന് പരിഹാരം ഉണ്ടാകും വരെ കൂടെയുണ്ടാകും: പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: സമരം ചെയ്യുന്ന ആശാ വർക്കർമാർക്ക് ഐക്യദാർഢ്യവുമായി പ്രതിപക്ഷം. പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ സമരപ്പന്തലിലേക്ക് മാർച്ച് നടത്തി. രക്തസാക്ഷി മണ്ഡപത്തിൽനിന്ന് ആരംഭിച്ച മാർച്ചിൽ പ്രതിപക്ഷ നേതാവിനൊപ്പം എംഎൽഎമാരും നേതാക്കളും പങ്കെടുത്തു.

സമരപ്പന്തലിൽ എത്തിയ പ്രതിപക്ഷ നേതാവ് ആശമാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. സംസ്ഥാന സർക്കാർ സമരം അവസാനിപ്പിക്കാൻ ഇടപെടണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. സമരത്തെ അതിക്ഷേപിക്കാനും പരിഹസിക്കാനുമാണ് മന്ത്രിമാർ അടക്കം ആദ്യം മുതൽ ശ്രമിച്ചത്. ഇതിനെതിരായി പ്രതിപക്ഷം ശക്തിയായി പ്രതികരിച്ചു. സമരം തീർക്കണമെന്ന് മുഖ്യമന്ത്രിയോട് ഫോണിൽ വിളിച്ച് സംസാരിച്ചിരുന്നു. തുടർന്ന് ഇന്നലെ നടന്ന രണ്ട് ചർച്ചകളും പരാജയപ്പെട്ടു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇനിയും മുൻകൈയെടുത്ത് പ്രശ്ന പരിഹാരത്തിനായി ശ്രമിക്കണമെന്ന് സതീശൻ ആവശ്യപ്പെട്ടു. തങ്ങൾക്ക് ഇതിൽ രാഷ്ട്രീയമില്ല. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിയാൽ സർക്കാരിനെ ആദ്യം അഭിനന്ദിക്കുന്നത് പ്രതിപക്ഷം ആയിരിക്കും. സമരത്തിന് ന്യായമായ പരിഹാരം ഉണ്ടാകും വരേ പ്രതിപക്ഷം കൂടെയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

എംഎൽഎമാരായ പി. സി. വിഷ്ണുനാഥ്, റോജി എം. ജോൺ, കെ. കെ. രമ, അനൂപ് ജേക്കബ്, മോൻസ് ജോസഫ് തുടങ്ങിയവർ മാർച്ചിൽ പങ്കെടുത്തു.അതേസമയം മുപ്പത്തൊന്പതാം ദിവസത്തിലേക്ക് കടന്ന ആശാ പ്രവർത്തകരുടെ സമരം കടുപ്പിക്കുന്നതിന്റെ ഭാഗമായി അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചു. ഇന്ന് രാവിലെ പതിനൊന്നു മുതലാണ് നിരാഹാരത്തിന് തുടക്കമായത്.

# പോക്സോ: പ്രതിക്ക് 90 വർഷം കഠിനതടവ്

കൊല്ലം: പോക്സോ കേസിൽ പ്രതിക്ക് 90 വർഷം കഠിനതടവും രണ്ട് ലക്ഷത്തി പതിനായിരം രൂപ പിഴയൊടുക്കാനും ശിക്ഷ വിധിച്ചു. പിഴയൊടുക്കിയില്ലെങ്കിൽ 21 മാസം കൂടി ശിക്ഷയനുഭവിക്കണം. ചിറയിൻകീഴ് അഴൂർ പെരുമാതുറ മാടൻവിള തൈവിളാകം വീട്ടിൽ അബ്ദുൾറസാഖി(56)നെയാണ് കരുനാഗപ്പള്ളി ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി ജഡ്ജി എഫ്. മിനിമോൾ ശിക്ഷിച്ചത്.

അതിജീവിത നാലാം ക്ളാസിൽ പഠിക്കുമ്പോൾ തുടങ്ങിയ പീഡനവിവരം പത്താം ക്ളാസിൽ പഠിക്കുമ്പോൾ സഹപാഠികളോടും അധ്യാപികമാരോടും പറഞ്ഞാണ് പുറത്തറിയുന്നത്. വിസ്താരവേളയിൽ കൂട്ടുകാരിയേയും അധ്യാപികമാരേയും മാതാവിനേയും വിസ്തരിച്ചിരുന്നു. മാതാവ് പ്രോസിക്യൂഷന് എതിരെ മൊഴി നൽകിയിരുന്നു.

ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ സംരക്ഷണയിലുള്ള കുട്ടിക്ക് സാമ്പത്തിക സഹായം നൽകാനുള്ള നടപടിയെടുക്കാൻ കൊല്ലം ജില്ലാ ലീഗൽ സർവീസ് അഥോറിറ്റിക്കും കോടതി നിർദേശം നൽകി.

ശൂരനാട് പോലീസ് ഇൻസ്പെക്ടറായിരുന്ന ജോസഫ് ലിയോൺ അന്വേഷണം നടത്തി രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ച കേസിൽ പ്രോസിക്യൂഷനു വേണ്ടി സ്പെഷൽ പബ്ളിക് പ്രോസിക്യൂട്ടർ എൻ. സി. പ്രേംചന്ദ്രൻ ഹാജരായി.

# താപനില മുന്നറിയിപ്പ് : കൊല്ലത്ത് റെഡ് ലെവൽ

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിവിധ ജില്ലകളിൽ ഇന്ന് (മാർച്ച് 20) ഉയർന്ന താപനില മുന്നറിയിപ്പ് നൽകി. കൊല്ലം ജില്ലയിലെ അൾട്രാ വയലൈറ്റ് ഇൻഡക്സ് 11 ആയ സാഹചര്യത്തിൽ റെഡ് ലെവലിലും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകൾ ഓറഞ്ച് ലെവലിലും കോഴിക്കോട്, തൃശൂർ, എറണാകുളം, വയനാട്, തിരുവനന്തപുരം, കണ്ണൂർ ജില്ലകൾ യെല്ലോ ലെവലിലുമാണെന്ന് ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

# കൊച്ചിയിൽ 4.5 കോടിയുടെ ഹൈബ്രിഡ് കഞ്ചാവുമായി യുവതികൾ പിടിയിൽ

നെടുമ്പാശേരി: കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വീണ്ടും വൻ കഞ്ചാവ് വേട്ട. വിദേശത്തുനിന്ന് എത്തിയ രണ്ടു യുവതികളിൽനിന്ന് 15 കിലോ ഹൈബ്രിഡ് കഞ്ചാവ് പിടികൂടി. വിപണിയിൽ ഇതിന് 4.5 കോടി രൂപ വിലയുണ്ട്.

മോഡലായി ജോലി ചെയ്യുന്ന ഡൽഹി സ്വദേശിനി സ്വാതിയും ജയ്പുർ സ്വദേശിനി മാൻവി ചൗധരിയുമാണ് പിടിയിലായത്. മൂന്നു പായ്ക്കറ്റുകളിലാക്കിയാണ് കഞ്ചാവ് കൊണ്ടുവന്നത്. വിമാനത്താവളത്തിലെ എയർ കസ്റ്റംസ് ഇൻറലിജൻസ് വിഭാഗമാണ് അതിവിദഗ്ധമായി ഒളിപ്പിച്ചിരുന്ന കഞ്ചാവ് പിടികൂടിയത്.

ബാങ്കോക്കിൽനിന്ന് തായ് എയർവേസ് വിമാനത്തിലാണ് യുവതികൾ കൊച്ചിയിൽ ഇറങ്ങിയത്. രണ്ടു യുവതികളെയും അറസ്റ്റ് ചെയ്ത് അങ്കമാലി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

നെടുമ്പാശേരി വിമാനത്താവളം വഴി യുവതികൾ മുഖേനയുള്ള കഞ്ചാവ് കള്ളക്കടത്ത് തുടർക്കഥയാകുകയാണ്. കഴിഞ്ഞദിവസം മുംബൈ സ്വദേശിനികളായ സഫ, സഹിയ എന്നീ യുവതികളിൽനിന്ന് 1.5 കിലോഗ്രാം കഞ്ചാവ് പിടിച്ചിരുന്നു. ഇതിന് 44 ലക്ഷം രൂപയാണു വില കണക്കാക്കിയിരുന്നത്. ഈ യുവതികളും ബാങ്കോക്കിൽനിന്നു തായ് എയർവേസ് വിമാനത്തിലാണു വന്നതെന്ന പ്രത്യേകതയുണ്ട്.

# ഫാർമസിസ്റ്റ് ഒഴിവ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ ഫാർമസിസ്റ്റ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. മാർച്ച് 26 വൈകിട്ട് 3.30 നകം അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് : www.rcctvm.gov.in .



ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കിയ 2025ലെ മീഡിയ ഹാൻഡ് ബുക്ക് വകുപ്പ് ഡയറക്ടർ ടി വി സുഭാഷ് പ്രകാശനം ചെയ്യുന്നു

# വഖഫ് നിയമത്തിലെ ഭരണഘടനാ വിരുദ്ധ വ്യവസ്ഥകൾ ഭേദഗതി ചെയ്യണം: കെഎൽസിഎ

കൊല്ലം: വഖഫ് നിയമത്തിലെ ഭരണഘടനാ വിരുദ്ധമായ വ്യവസ്ഥകൾ മുൻകാലപ്രാബല്യത്തോടെ ഭേദഗതി ചെയ്യണമെന്നും, വഖഫ് നിയമഭേദഗതി ബിൽ പാർലമെൻറിൽ ഉടൻ പാസാക്കണമെന്നും കെ എൽ സി എ കൊല്ലം രൂപത ആവശ്യപ്പെട്ടു. ഏതുഭൂമിയും ഏകപക്ഷീയമായി ഏറ്റെടുക്കാനുള്ള വഖഫ് ബോർഡിന്റെ അമിതാധികാരം ഇല്ലാതാകണം. മുനമ്പം ജനതയ്ക്ക് നീതി ലഭിക്കണം. ഭേദഗതി ബില്ലിന് അനുകൂല നിലപാട് സ്വീകരിക്കുവാൻ എൽഡിഎഫ്,യുഡിഎഫ് എംപിമാർ തയാറാകണമെന്നും കെ എൽ സി എ ആവശ്യപ്പെട്ടു. നിലവിലുള്ള വഖഫ് നിയമത്തിലെ ചട്ടങ്ങൾ കാരണമാണ് മുനമ്പം ലത്തീൻ കത്തോലിക്ക മത്സ്യത്തൊഴിലാളി സമൂഹം വിലകൊടുത്തു വാങ്ങിയ ഭൂമിയിൽ താമസിക്കാനുള്ളഅവകാശത്തിനു വേണ്ടിസമര രംഗത്ത് ഇറങ്ങേണ്ടി വന്നിരിക്കുന്നത്. വഖഫ് നിയമം ഭേദഗതി ചെയ്യാനുള്ള നീക്കത്തെ യോഗം സ്വാഗതം ചെയ്തു. പ്രസിഡൻറ് ലെസ്റ്റർ കാർഡോസ് അധ്യക്ഷത വഹിച്ചു. ജാക്സൺ നീണ്ടകര, ഫാ. ജോർജ് സെബാസ്റ്റ്യൻ, ലെക്റ്റീഷ്യമാർട്ടിൻ, ജോസഫ് കുട്ടികടവിൽ, വിൻസി ബൈജു, അനിൽ ജോൺ, അഡ്വ. ഫ്രാൻസിസ്. ജെ. നെറ്റോ, ഡോമിനിക് ജോസഫ്, എഡിസൺ അലക്സ്, ജോയ് ഫ്രാൻസിസ്, സി. ഇ സഡ്. സാലി, ജോസ് കല്ലശേരി, അജിത ഷാജി, റോണ റിബൈറോ, എന്നിവർ പ്രസംഗിച്ചു.

# ഉപലോകായുക്തമാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു

ഹൈക്കോടതി റിട്ട.ജഡ്ജിമാരായ ജസ്റ്റിസ് വി.ഷെർസിയും ജസ്റ്റിസ് അശോക് മേനോനും ഉപലോകായുക്തമാരായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. നിയമസഭ ബാങ്ക്വറ്റ് ഹാളിൽ നടന്ന ചടങ്ങിൽ ലോകായുക്ത ജസ്റ്റിസ് എൻ അനിൽ കുമാർ സത്യവാചകം ചൊല്ലിക്കൊടുത്തു. അഡീഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ വിഞ്ജാപനം വായിച്ചു. നിയമ വകുപ്പ് മന്ത്രി പി. രാജീവ്, ഹൈക്കോടതി മുൻ ജഡ്ജിമാരായ ജസ്റ്റിസ് എം. ആർ. ഹരിഹരൻ നായർ, ജസ്റ്റിസ് കെ. പി. ബാലചന്ദ്ര, ധനകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, മുഖ്യവിവരാവകാശ കമ്മീഷണർ ഹരി നായർ, അഡിഷണൽ അഡ്വക്കേറ്റ് ജനറൽ കെ.പി.ജയചന്ദ്രൻ, നിയമവകുപ്പ് സെക്രട്ടറി കെ. ജി. സനൽകുമാർ, നിയമസഭാ സെക്രട്ടറി ഡോ.എൻ.കൃഷ്ണകുമാർ, പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി മെമ്പർമാരായ അരവിന്ദ ബാബു, സതീഷ് ചന്ദ്രൻ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസ് & സ്പെഷ്യൽ അറ്റോർണി ടു ലോകായുക്ത റ്റി.എ. ഷാജി, ബാർ കൗൺസിൽ മെമ്പർ അഡ്വ. ആനയറ ഷാജി, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. പള്ളിച്ചൽ എസ്. കെ. പ്രമോദ്, കേരള ലോകായുക്ത അഡ്വക്കേറ്റ്സ് ഫോറം പ്രസിഡന്റ് അഡ്വ. എൻ. എസ്. ലാൽ, ലോകായുക്ത അഡ്വക്കേറ്റ്സ് ഫോറം സെക്രട്ടറി അഡ്വ. ബാബു പി. പോത്തൻകോട്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് കാർത്തിക് തുടങ്ങി നിയമ, ഉദ്യോസ്ഥതലങ്ങളിലെ പ്രമുഖർ ചടങ്ങിൽ സംബന്ധിച്ചു.

## ട്രെയിനുകൾക്ക് സ്റ്റോപ്പുകൾ കുറച്ചത് അറ്റകുറ്റപ്പണികൾക്കായി: മന്ത്രി

ന്യൂഡൽഹി: നിലവിലുണ്ടായിരുന്ന ട്രെയിൻ സ്റ്റോപ്പുകൾ എടുത്തുകളഞ്ഞതിൽ കോവിഡ് പകർച്ചവ്യാധിയുമായി ബന്ധമില്ലെന്ന് റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ്. ട്രെയിൻ സുരക്ഷയുമായി ബന്ധപ്പെട്ട് 2019 ൽ ഐഐടി ബോംബെ നടത്തിയ പഠനത്തിൽ റെയിൽവേ ട്രാക്കുകൾ ദിവസത്തിൽ മൂന്നു മണിക്കൂർ നേരമെങ്കിലും അറ്റകുറ്റപ്പണികൾക്കായി ഒഴിച്ചിടണമെന്ന് നിർദേശിച്ചിരുന്നു. ഇതിനായി മേഖലകൾ തിരിച്ച് ബ്ലോക്ക് പീരിഡുകൾ നടപ്പാക്കാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ട്രെയിനുകളുടെ സമയക്രമത്തിൽ മാറ്റം വരുത്തി. ഇത്തരത്തിൽ സമയക്രമം മാറ്റിയതുമൂലം ചില സ്റ്റേഷനുകളിലെ സ്റ്റോപ്പുകൾ റെയിൽവേ നീക്കം ചെയ്തതാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡനത്തിനിരയായി; അമ്മയുടെ ആൺസുഹൃത്ത് പിടിയിൽ

പെരുമ്പാവൂർ: കുറുപ്പംപടിയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസിൽ അമ്മയുടെ ആൺസുഹൃത്ത് പിടിയിൽ. അയ്യമ്പുഴ സ്വദേശി ധനേഷ് ആണ് പിടിയിലായത്. പന്ത്രണ്ടും പത്തും വയസ് പ്രായമുള്ള സഹോദരിമാരായ പെൺകുട്ടികളാണ് പീഡനത്തിനിരയായത്. കഴിഞ്ഞ രണ്ടു വർഷത്തോളമായി ഇയാൾ പെൺകുട്ടികളെ പീഡിപ്പിക്കുകയായിരുന്നു. അമ്മയും രണ്ട് പെൺകുട്ടികളും ഏറെ നാളായി കുറുപ്പംപടി പോലീസ് സ്റ്റേഷൻ പരിധിയിൽ വാടകയ്ക്ക് താമസിക്കുകയാണ്. അമ്മയുടെ സുഹൃത്തായ ധനേഷ് ശനി, ഞായർ ദിവസങ്ങളിൽ ഈ വീട്ടിൽ വരാറുണ്ടെന്നാണ് പോലീസിന് ലഭിച്ച വിവരം.ഉപദ്രവത്തെക്കുറിച്ച് പെൺകുട്ടികളിലൊരാൾ കൂട്ടുകാരിക്ക് എഴുതിയ കുറിപ്പ് അധ്യാപികയ്ക്ക് കിട്ടിയതോടെയാണ് സംഭവം പുറത്തറിയുന്നത്. അധ്യാപിക വിവരം പോലീസിനെ അറിയിക്കുകയായിരുന്നു. അമ്മയുടെ അറിവോടെയാണോ പീഡനം നടന്നതെന്നും പോലീസ് പരിശോധിക്കുന്നുണ്ട്.

# പോപ്പുലർ ഫ്രണ്ട് ഹർത്താൽ: കെഎസ്ആർടിസിക്ക് 2.42 കോടി രൂപ നൽകണമെന്ന് റിപ്പോർട്ട്

കൊച്ചി: പോപ്പുലർ ഫ്രണ്ട് 2022ൽ നടത്തിയ മിന്നൽ ഹർത്താലിൽ കെഎസ്ആർടിസിക്കുണ്ടായ നാശനഷ്ടത്തിനുള്ള പരിഹാരമായി 2.42 കോടി രൂപ നൽകണമെന്ന് ക്ലെയിംസ് കമ്മീഷണറുടെ റിപ്പോർട്ട്. ഹർത്താൽ ദിനത്തിലെ അക്രമത്തിൽ 5.13 കോടി രൂപയുടെ നഷ്ടമുണ്ടായെന്നു ചൂണ്ടിക്കാട്ടിയാണു കെഎസ്ആർടിസി അപേക്ഷ നൽകിയതെങ്കിലും ശരാശരി കളക്ഷനും നാശനഷ്ടവും കണക്കിലെടുത്താണ് 2.42 കോടി രൂപയുടെ ബാധ്യത പിഎഫ്ഐക്ക് ചുമത്തിയതെന്ന് ക്ലെയിംസ് കമ്മീഷണർ റിട്ട. ജില്ലാ ജഡ്ജി പി. ഡി. ശാർങ്ധരൻ ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. ഹർത്താൽദിവസം സർവീസ് നടത്തിയ 58 ബസുകളുടെ ഗ്ലാസുകൾ കല്ലേറിൽ തകർന്നിരുന്നു. പത്തു ജീവനക്കാർക്കും ഒരു യാത്രക്കാരനും പരിക്കേറ്റുവെന്നും കെഎസ്ആർടിസി അപേക്ഷയിൽ അറിയിച്ചിരുന്നു.